DESPATCHED
On...9/5/22...



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം–695 001
Email: sic.ker@nic.in

ഹർജി നമ്പർ **AP 188(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 3106/SIC-Gen4/2022**

(ഉത്തരവുകൾ **sic.kerala.gov.in** –ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മേയ് 4**

ശ്രീമതി. കുഞ്ഞുമോൾ ജോസഫ്,
C/o പതാലിൽ തമ്പി,
ആഞ്ഞിലിത്താനം പി.ഒ.,
കവിയൂർ (വഴി),
പത്തനംതിട്ട ജില്ല – 689 582. } അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫിസർ,
   വില്ലേജ് ഓഫീസ്, ചിറക്കടവ്,
   കാഞ്ഞിരപ്പള്ളി താലൂക്ക്, കോട്ടയം.
2. അപ്പീൽ അധികാരി &
   തഹസിൽദാർ (ഭൂരേഖ),
   കാഞ്ഞിരപ്പള്ളി താലൂക്ക്, കോട്ടയം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 13.9.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 11.10.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 27.10.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 18.12.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.2.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 19.2.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 3.3.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 18.3.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 4.5.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീമതി. കുഞ്ഞുമോൾ ജോസഫ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ 13.9.2021–ന് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് 11.10.2021 തീയതി മറുപടി ലഭിച്ചു

എന്നും എന്നാൽ 8, 9 ചോദ്യങ്ങളിൽ ആവശ്യപ്പെട്ട 3 രേഖകളുടെ പകർപ്പ് നൽകിയതൊഴിച്ചാൽ 1 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മറുപടി നിഷേധിച്ചു എന്നും തുടർന്ന് നൽകിയ അപ്പീലിന് നൽകിയ മറുപടിയിൽ എസ്.പി.ഐ.ഒയെ ന്യായീകരിച്ച് വിവരങ്ങൾ വീണ്ടും നിഷേധിച്ചു എന്നും ആയതിനാൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനും എതിർകക്ഷികൾക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുന്നതിനും നഷ്ട പരിഹാരമായി 5,000/- രൂപ നൽകുന്നതിനും നടപടി ഉണ്ടാകണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 13.9.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. ചിറക്കടവ് വില്ലേജിൽ ബ്ലോക്ക് നമ്പർ 15-ൽ റീസർവ്വെ നമ്പർ 360/5-ൽ തണ്ടപ്പേർ 2350-ൽപ്പെട്ട 3.40 ആർ വസ്തു ഏത് ആധാരപ്രകാരമാണ് പോക്കുവരവ് ചെയ്തത് എന്നും ടി ആധാരത്തിന്റെ സ്വഭാവം, നമ്പർ, തീയതി എന്നിവയും അറിയിക്കണമെന്നും .

ii. വസ്തു പോക്ക്വരവ് ചെയ്ത രേഖയുടെ പകർപ്പ് നൽകണമെന്നും

iii. ടി വസ്തുവിന്റെ പോക്കുവരവ് നമ്പർ, തീയതി എന്നിവ അറിയിക്കണം എന്നും മറ്റുമായി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 11.10.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. തുടർന്ന് ടിയാളുടെ അപേക്ഷയിലെ മുഴുവൻ ചോദ്യങ്ങൾക്കും മന:പൂർവ്വം മറുപടി നൽകാതെ ഒഴിഞ്ഞു മാറുന്നു എന്നത് വ്യക്തമാകുന്ന രീതിയിൽ " വിവരം ടി ഓഫീസിൽ ലഭ്യമല്ല " എന്ന മറുപടിയാണ് നൽകിയതെന്നും ആയതിനാൽ വിവരങ്ങൾ ലഭ്യമാക്കി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച ഒന്നാം അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരിയേയും ഒന്നാം എതിർകക്ഷിയേയും 10.12.2021-ന് നേരിൽ കേൾക്കുകയുണ്ടായി എന്നും ആയത് പ്രകാരം റിസർവ്വെ സമയത്ത് സർവ്വെ ഡിപ്പാർട്ട്മെന്റിൽ നിന്നും തയ്യാറാക്കി നൽകിയ ബി.ടി.ആർ., തണ്ടപ്പേർ എന്നിവ പ്രകാരമാണ് അപേക്ഷക ആവശ്യപ്പെട്ട 2350 എന്ന നമ്പർ തണ്ടപ്പേർ വന്നിട്ടുള്ളതെന്നും വില്ലേജ് പോക്ക്വരവ് പ്രകാരം അല്ല തണ്ടപ്പേർ പിടിച്ചിട്ടുള്ളതെന്നും കാണുന്നു എന്നും ആയതിനാലാണ് 1, 2, 3 ചോദ്യങ്ങൾക്ക് അപ്രകാരം മറുപടി നൽകിയതെന്നും എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ അപാകത ഉള്ളതായി കാണുന്നില്ലെന്നും പഴയ സർവ്വേ നമ്പർ ആയതിനാലും റീ സർവ്വേയ്ക്ക് മുമ്പുള്ള ആധാരമായതിനാലും തിരച്ചിലിൽ ടി വിവരങ്ങൾ ലഭ്യമാകാത്തതിനാലുമാണ് വിവരങ്ങൾ ലഭ്യമല്ലായെന്ന് 4, 5 ചോദ്യങ്ങൾക്ക് മറുപടി നൽകിയതെന്നും 1978 ലെ 5159

നമ്പർ ആധാരം പോക്കുവരവ് ചെയ്തത് സംബന്ധിച്ച വിവരങ്ങളാണ് 4, 5 ചോദ്യങ്ങളിൽ അപേക്ഷ കക്ഷി ആവശ്യപ്പെട്ടിരുന്നതെന്നും ടി വിവരങ്ങൾ ലഭ്യമാകുന്ന പഴയ പോക്കുവരവ് രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവ കാലപ്പഴക്കത്താൽ നശിച്ചു പോയിട്ടുള്ളതായിരിയ്ക്കാമെന്നുമാണ് എസ്.പി.ഐ.ഒ അറിയിച്ചതെന്നും ടി രേഖകൾ ലഭ്യമാണോ എന്ന് ഒരിക്കൽ കൂടി പരിശോധിക്കുവാനും ലഭ്യമെങ്കിൽ 7 ദിവസത്തിനകം അപ്പീൽ കക്ഷിയ്ക്ക് നൽകണമെന്നും, അപേക്ഷയിലെ 6, 8, 9 എന്നിവയ്ക്ക് വിവരങ്ങൾ നൽകിയിട്ടുള്ളതാണെന്നും, 7-ാം നമ്പർ ചോദ്യത്തിന് കാര്യങ്ങൾ വ്യക്തമായി മനസ്സിലാകത്തക്ക വിധം ഉചിതമായ മറുപടി നൽകുവാനും എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീമതി. കുഞ്ഞുമോൾ ജോസഫ്, വിവരാവകാശ നിയമ പ്രകാരം ചിറക്കടവ് വില്ലേജിൽ ബ്ലോക്ക് നമ്പർ 15-ൽ റീസർവ്വെ നമ്പർ 360/5-ൽപ്പെട്ട 3.40 ആർ വസ്തുവിനെ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനായാണ് വിവരാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നതെന്നും ചിറക്കടവ് വില്ലേജിൽ ബ്ലോക്ക് നമ്പർ 15-ൽ റീസർവ്വ നമ്പർ 360/5-ൽപ്പെട്ട 3.40 ആർ വസ്തു റീസർവ്വെ റിക്കാർഡു പ്രകാരമാണ് 2350-ാം നമ്പർ തണ്ടപ്പേരിൽ ചേർന്ന് വന്നിട്ടുള്ളത് എന്നും ടി തണ്ടപ്പേർ ചിറക്കടവ് വില്ലേജിൽ വടക്കുംഭാഗം മുറിയിൽ പുതുവേലിൽ വീട്ടിൽ പത്രോസ് മകൾ ഇ.പി. ഏലിയാമ്മ എന്നയാളുടെ പേരിലുള്ളതാണെന്നും അപേക്ഷയിൽ പറഞ്ഞിരിക്കുന്ന വസ്തു ടി തണ്ടപ്പേരിൽ ചേർത്തിരിക്കുന്നത് റീസർവ്വെ സമയത്ത് സർവ്വെ വകുപ്പ് തയ്യാറാക്കിയ ബിടിആർ പ്രകാരമാണെന്നും ആയതിനാൽ ടി വസ്തുവിന്റെ പോക്കുവരവ് നടപടികൾ നടന്നിട്ടില്ലാത്തതാണെന്നും റീസർവ്വെയ്ക്ക് ശേഷം നടന്ന പോക്കുവരവുകളുടെ എ-ഫാറം, പോക്കുവരവ് രജിസ്റ്റർ, ആധാരത്തിന്റെ പകർപ്പ് എന്നിവ മാത്രമാണ് വില്ലേജാഫീസിൽ സൂക്ഷിച്ചു വരുന്നതെന്നും 1978 ലെ 5159 നമ്പർ ആധാരം പോക്കുവരവ് ചെയ്തത് സംബന്ധിച്ച വിവരങ്ങളാണ് 4, 5 ചോദ്യങ്ങളിൽ അപേക്ഷ കക്ഷി ആവശ്യപ്പെട്ടിരുന്നതെന്നും ടി വിവരങ്ങൾ ലഭ്യമാകുന്ന പഴയ പോക്കുവരവ് രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവ കാലപ്പഴക്കത്താൽ നശിച്ചു പോയിട്ടുള്ളതായിരിയ്ക്കാമെന്നാണ് എസ്.പി.ഐ.ഒ അറിയിച്ചതെന്നും ചോദ്യം 6-ൽ ആവശ്യപ്പെട്ടിരുന്നത് റീസർവ്വെ റിക്കാർഡുകളുടെ പകർപ്പ് ആയതിനാൽ ആയത് ഫീസടയ്ക്കുന്ന മുറയ്ക്ക് നൽകുന്നതാണെന്ന് അപേക്ഷകയെ അറിയിച്ചിരുന്നതാണെന്നും ടി പകർപ്പുകൾ അപേക്ഷകയുടെ പ്രതിനിധിയായ ജസ്റ്റീന ജോസഫ് എന്നയാൾ ചിറക്കടവ് വില്ലേജാഫീസൽ നിന്നും ഫീസ് അടച്ച് കൈപ്പറ്റിയിട്ടുള്ളതാണെന്നും 7-ാം നമ്പർ ചോദ്യത്തിലെ 1646/4-ൽ ഉൾപ്പെട്ട 3.40 ആർ വസ്തു സംബന്ധിച്ച് അപേക്ഷകയ്ക്ക് കാര്യങ്ങൾ വ്യക്തമായി മനസിലാകത്തക്ക വിധം

ഉചിതമായ മറുപടി നൽകുന്നതിന് സ്റ്റേറ്റ് പബ്ലിക് ഇൻഫർഷേൻ ഓഫീസർ & വില്ലേജ് ഓഫീസർ ചിറക്കടവിന് ഹിയറിംഗ് സമയം തന്നെ നിർദ്ദേശം നൽകിയിരുന്നു എന്നും ആയത് പ്രകാരം എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടുള്ളതാണെന്നും 8, 9 ചോദ്യങ്ങൾക്ക് മതിയായ ഫീസ് അടയ്ക്കുന്ന മുറയ്ക്ക് വിവരങ്ങൾ നൽകാമെന്ന് ഹർജിക്കാരിയെ അറിയിച്ചിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, അപേക്ഷക ആവശ്യപ്പെട്ട എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളതായും വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിൽ ബോധപൂർവ്വമോ മനപൂർവ്വമോ ആയ വീഴ്ച എതിർകക്ഷികൾ വരുത്തിയിട്ടില്ലെന്നും കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ ഇക്കാര്യത്തിൽ മറ്റു നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 4-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

bnk